എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലെ സീനിയോറിറ്റി ലിസ്റ്റ്

* 92. [93] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) അങ്ങനെ പ്രസിദ്ധീകരിക്കുന്ന ലിസ്റ്റിന്റെ വിവരം പത്രങ്ങൾ മുഖേന ഉദ്യോഗാർത്ഥികളെ അറിയിക്കാൻ വേണ്ട ഏർപ്പാട് ചെയ്യുമോ ;

(സി) സീനിയോറിറ്റി ലിസ്റ്റ് പരിശോധിക്കാൻ ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് പത്തു ദിവസമെങ്കിലും നൽകാൻ നടപടി സ്വീകരിക്കുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) കേരളത്തിൽ പത്തനംതിട്ട ഒഴികെയുള്ള എല്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലും 31-12-1986 വരെ പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പത്തനംതിട്ട എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) ഏർപ്പാട് ചെയ്യാറുണ്ട്.

(സി) ഉദ്യോഗാർത്ഥികൾക്ക് ലിസ്റ്റ് പരിശോധിച്ച് ആക്ഷേപം ഉണ്ടെങ്കിൽ സമർപ്പിക്കാൻ ഒരു മാസത്തെ സമയം കൊടുക്കാറുണ്ട്.

ജില്ലാ ഗ്രാമവികസന ഏജൻസികൾക്ക് സ്റ്റാറ്റ്യൂട്ടറി അധികാരങ്ങൾ നൽകൽ

* 93. [94] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ഗ്രാമവികസന ഏജൻസികൾക്ക് സ്റ്റാറ്റ്യൂട്ടറി അധികാരങ്ങൾ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഗ്രാമവികസന ഏജൻസികൾക്ക് സ്റ്റാറ്റ്യൂട്ടറി അധികാരം നൽകാൻ ഇപ്പോൾ ഉദ്ദേശമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ആരാധനാലയങ്ങളുടേയും സ്കൂളുകളുടേയും പരിസരത്തിലുള്ള മദ്യശാലകൾ

* 94. [95] ശ്രീ. എം. വി. മാണി :

ശ്രീ. തോമസ് കല്ലംപള്ളി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആരാധനാലയങ്ങളുടേയും സ്കൂളുകളുടേയും പരിസരത്ത് ആരംഭിച്ചിരിക്കുന്ന മദ്യശാലയ്ക്കെതിരെ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly